സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO:87/2021/ESTA (C)

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
29/10/2021

## ഇലക്ഷൻ സർക്കുലർ

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 28.10.2021-ന് നടന്ന ഹിതപരിശോധനയുടെ വോട്ടെണ്ണൽ നടത്തുന്നതിലേയ്ക്കായി പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ.**

1. വോട്ടെണ്ണലിനായി ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും **30.10.2021**-ന് രാവിലെ **08.00** മണിക്ക് മുമ്പായി വോട്ടെണ്ണൽ കേന്ദ്രമായ ബോർഡ് ആസ്ഥാനത്തുള്ള **സുമംഗലി ആഡിറ്റോറിയത്തിൽ** എത്തിച്ചേരേണ്ടതാണ്.
2. ഓരോ ബൂത്തിലേയും വോട്ടുകൾ പ്രത്യേകം പ്രത്യേകമായി എണ്ണി തിട്ടപ്പെടുത്തേണ്ടതാണ്. വോട്ടെണ്ണുന്നതിനായി **5** മേശകൾ സജ്ജീകരിച്ച് ഒരേ സമയം അഞ്ച് മേശകളിലും വോട്ടെണ്ണൽ നടക്കുന്നതാണ്. ആയതിലേയ്ക്ക് ആവശ്യമായുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.
3. യോഗ്യരായ കൗണ്ടിംഗ് ഏജന്റുമാർ വോട്ടെണ്ണൽ ദിവസം രാവിലെ **9** മണിക്ക് വോട്ടെണ്ണൽ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.(ഓരോ സംഘടനയുടെ **5** പേർ വീതം) കൂടാതെ ഒരു ചീഫ് കൗണ്ടിംഗ് ഏജന്റിനെ കൂടി അനുവദിക്കുന്നതാണ്.
4. വോട്ടെണ്ണൽ കേന്ദ്രത്തിൽ മൊബൈൽ ഫോൺ ഉപയോഗം അനുവദനീയമല്ല.
5. ബാലറ്റ് പേപ്പർ വോട്ടിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച ശേഷം എണ്ണി തിട്ടപ്പെടുത്തി കെട്ടുകളാക്കേണ്ടതാണ്.
6. ബൂത്തിൽ നൽകിയിട്ടുണ്ടായിരുന്ന മുദ്ര ഉപയോഗിച്ച് ഒരു വോട്ട് മാത്രം രേഖപ്പെടുത്തിയിട്ടുള്ള ബാലറ്റ് പേപ്പറുകൾ മാത്ര

മാണ്  സാധുവായ വോട്ടായി കണക്കാക്കുന്നത്. മറ്റേത് തരത്തിലുള്ള അടയാളപ്പെടുത്തലും അസാധുവായിരിക്കും

7. ബാലറ്റ് പേപ്പറിലെ സംഘടനയുടെ പേരിലോ, ക്രമനമ്പരിലോ ഇവ അച്ചടിച്ചിരിക്കുന്ന കള്ളികൾക്കുള്ളിൽ എവിടെയാണെങ്കിലുമോ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സാധുവായ വോട്ടായി കണക്കാക്കേണ്ടതാണ്.

8. വോട്ട് എണ്ണിതിട്ടപ്പെടുത്തി എല്ലാ  നടപടി ക്രമങ്ങളും പൂർത്തിയാക്കിയ ശേഷം മാത്രമേ കൗണ്ടിംഗിനായി ചുമതലപ്പെടുത്തിയിട്ടുള്ള  ഉദ്യോഗസ്ഥർ വോട്ടെണ്ണൽ കേന്ദ്രത്തിൽ നിന്നും പുറത്ത് പോകുവാൻ പാടുള്ളൂ.

9. വോട്ടെണ്ണൽ കേന്ദ്രത്തിന്റെ പൂർണ്ണ  ചുമതല റിട്ടേണിംഗ് ആഫീസറിൽ നിക്ഷിപ്തമാണ്. ആയതിനാൽ വോട്ടെണ്ണലുമായി ഉണ്ടായേക്കാവുന്ന കാര്യങ്ങളിൽ അന്തിമ തീർപ്പ് റിട്ടേണിംഗ് ആഫീസറുടേതായിരിക്കും.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)
ദേവസ്വം കമ്മീഷണർക്ക്  വേണ്ടി

പകർപ്പ്-

1. എല്ലാ വകുപ്പ് മേധാവികൾക്കും
2. റിട്ടേർണിംഗ് ഓഫീസർ,റഫറണ്ടം സെൽ
3. ഇ.ഡി.പി സെക്ഷൻ ദേവസ്വം ബോർഡ് ആഫീസ്
4. സെക്ഷൻ ഫയൽ

RA